**കൈത്താക്കാലം ഒന്നാം ഞായർ**
**ലൂക്കാ 14: 1 – 14**

**ജൂലൈ 11**

# Homily by Fr. Tom Kainikkara.

**Fr. Kainikara can be reached at kainikkara@gmail.com**

ഇന്ന് കൈത്താക്കാലം ഒന്നാം ഞായർ. ആരാധനാക്രമവത്സരത്തിൽ സഭയുടെ വളർച്ചയെപ്പറ്റി ചിന്തിക്കുകയും ധ്യാനിക്കുകയും ചെയ്യുന്ന അവസരം. വിശ്വാസ സാക്ഷ്യംകൊണ്ടും പുണ്യപ്രവൃത്തികൾക്കൊണ്ടും വിശ്വാസികൾ സഭയെ മനോഹര മായി അണിയിച്ചൊരുക്കേണ്ട പ്രത്യേക കാലഘട്ടം. വിശ്വാസികളുടെ ജീവിതവിശുദ്ധി യാണ് സഭയുടെ വളർച്ചയെ അളക്കുന്ന ഒരു മാനദണ്ഡം. അതുകൊണ്ടുതന്നെ വിശു ദ്ധരെയും രക്തസാക്ഷികളെയും ഈ കാലത്ത് അനുസ്മരിക്കുകയും അവരുടെ ജീവിത മാതൃക അനുകരിക്കുകയും ചെയ്യാൻ എല്ലാവർക്കും ഉള്ള കടമയേയും ഈ കാലത്ത് പ്രത്യേകം അനുസ്മരിക്കുന്നു.

ഇന്നത്തെ വായനകൾ എല്ലാം തന്നെ സഭയുടെ വളർച്ചയിലും വ്യക്തിപരമായ വിശുദ്ധീകരണത്തിനും അതുവഴി ദൈവകൃപ ലഭ്യമാകുന്നതിനും മനുഷ്യൻ പുലർത്തേണ്ട മനോഭാവങ്ങളെയാണ് സൂചിപ്പിക്കുന്നത്.

രാജാക്കൻമാരുടെ ഒന്നാം പുസ്തകത്തിൽ ഏലിയാപ്രവാചകൻ ദൈവത്തിനു പ്രീതികരമായി ബലിയർപ്പിക്കുന്ന ഭാഗമാണ് ഒന്നാം വായന. പൂർവ്വപിതാക്കന്മാരോടും ജനത്തോടും ചേർന്ന് ദൈവത്തിന്റെ കല്പനയനുസരിച്ച് ജനങ്ങളുടെ ഹൃദയത്തെ ദൈവത്തോട് ചേർക്കുകയാണ് യഥാർത്ഥ ബലിവഴി സംഭവിക്കേണ്ടത് എന്ന് ഒന്നാം വായന വ്യക്തമാക്കുന്നു. ഏലിയാപ്രവാചകൻ അർപ്പിച്ച ഈ ബലിയും പ്രാർത്ഥനകളു മാണ് ദൈവത്തിരുമുമ്പിൽ സ്വീകാര്യമായത്.

നടപടി പുസ്തകത്തിൽ അപ്പസ്തോലന്മാർ വഴി ധാരാളം അത്ഭുതങ്ങളും അട യാളങ്ങളും സംഭവിക്കുകയും, അനേകർ മിശിഹായെ നാഥനും രക്ഷകനുമായി സ്വീകരി ക്കുകയും ചെയ്യുന്ന ഭാഗമാണ് രണ്ടാംവായന. അപ്പസ്തോലന്മാരുടെ ഏകമനസ്സോടെ യുള്ള ജീവിതസാക്ഷ്യവും, അതിലുപരി ജനത്തിന് അനുതാപവും പാപമോചനവും നൽകാൻ, പിതാക്കന്മാരുടെ ദൈവത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ഠനായിരിക്കുന്ന മിശിഹായുടെ കൃപയും സഭയുടെ വളർച്ചയ്ക്ക് കാരണമായി.

ലേഖനഭാഗത്ത് വിശുദ്ധ പൗലോസ് വിശ്വാസസമൂഹത്തിൽ സംഭവിക്കുന്ന ഭിന്ന തയെക്കുറിച്ച് മുന്നറിയിപ്പ് നൽകുകയും ഒരേ മനസ്സോടെ കൂട്ടായ്മയിൽ വർത്തിക്കണ മെന്ന് ഓർമിപ്പിക്കുകയും ചെയ്യുന്നു. ഇത്തരം കൂട്ടായ്മാനുഭവത്തിൽ ആയിരിക്കുമ്പോ ഴാണ് ഒരുവന് അപരന്റെ വേദനകളെ തിരിച്ചറിയാനും അവനെ തന്നെപ്പോലെ സ്നേഹിക്കാനും ബഹുമാനിക്കാനും സാധിക്കുന്നത്.

ഒരിക്കൽ ഒരു സെൻഗുരു തന്റെ ശിഷ്യരോടു ചോദിച്ചു: “രാത്രി അവസാനിച്ച് പകൽ തുടങ്ങുന്നു എന്നു പറയാൻ പറ്റുന്നതെപ്പോൾ”. ഒന്നാമൻ പറഞ്ഞു: ദൂരെ നിൽക്കുമ്പോൾ ആടാണോ പട്ടിയാണോ എന്ന് കൃത്യമായ തിരിച്ചറിവ് സാധിക്കു മ്പോൾ. രണ്ടാമൻ പറഞ്ഞു: “ദൂരെ നില്ക്കുന്ന മരം ആഞ്ഞിലിയാണോ പ്ലാവാണോ എന്ന് വേർത്തിരിച്ചറിയാൻ പറ്റുമ്പോൾ. മറുപടികളിൽ അസംതൃപ്തനായ ഗുരു നിരാശ യോടെ മൂന്നാമനോടും ചോദിച്ചു. മൂന്നാമൻ ഇപ്രകാരം പറഞ്ഞു: “സമീപത്തു

നിൽക്കുന്ന സ്ത്രീയെയൊ പുരുഷനെയൊ സ്വന്തം സഹോദരിയോ സഹോദരനോ എന്ന് തിരിച്ചറിയാൻ സാധിക്കുമ്പോൾ പകൽ ആരംഭിക്കുന്നു. മനുഷ്യനെ തിരിച്ചറിയാൻ സാധിക്കാത്ത ഏതു മനുഷ്യനും അന്ധകാരത്തിലാണ്, അവൻ എത്ര പകൽവെളിച്ചത്തിലായാലും ഉള്ളിൽ അന്ധകാരമായിരിക്കും. മനുഷ്യനെ തിരിച്ചറിയുന്നത് എങ്ങനെയെന്നാണ് ഇന്നത്തെ സുവിശേഷഭാഗം വിവരിക്കുന്നത്.

ഫരിസേയ പ്രമാണിയുടെ വീട്ടിൽ വലിയ വിരുന്നിന്റെ അവസരത്തിലും ഈശോയുടെ കാരുണ്യത്തിന്റെ കണ്ണുകൾ എത്തുന്നത് മഹോദരരോഗിയുടെമേലും അവന്റെ സൗഖ്യത്തിലുമാണ്. അപരനെ ബഹുമാനിക്കാത്ത, തന്നെക്കാൾ ശ്രേഷ്ഠനായി കരുതാത്ത ഒരു സമൂഹത്തിൽ ഒരിക്കലും ക്ഷേമം പുലരുകയില്ല. ബാഹ്യമായി എന്തൊക്കെ നിയമങ്ങളും ന്യായപ്രമാണങ്ങളും അനുഷ്ഠിക്കുന്ന സമൂഹമായാലും, മനുഷ്യമഹത്വത്തെ അതിന്റെ എല്ലാ അവസ്ഥയിലും ആദരിച്ചില്ലെങ്കിൽ അവിടെ ഒരിക്കലും ശാശ്വതമായി ശാന്തി പുലരുകയില്ല. സാബത്താചരണവും, മറ്റ് ആചാരാനുഷ്ഠാനങ്ങളും  ആഘോഷങ്ങളും, മനുഷ്യന് പ്രാധാന്യം കൊടുക്കുന്ന, അവന്റെ മഹത്വം അംഗീകരിക്കുന്ന തരത്തിലാകണമെന്നാണ് സുവിശേഷത്തിൽ സൂചിപ്പിക്കുന്നത്. മനുഷ്യനോളം വിലയുള്ളതായി മറ്റൊന്നുമില്ല. മനുഷ്യമഹത്വത്തിലൂടെയാണ് ദൈവമഹത്വം പൂർണ്ണമാകുന്നത്.

മനുഷ്യനെ മൃഗങ്ങളിൽ നിന്നും വേർതിരിക്കുന്നത് കണ്ണിന്റെയും കാഴ്ചപ്പാടിന്റെയും വ്യത്യാസമാണെന്നു പറയാറുണ്ട്. ഈ വ്യത്യാസം കാഴ്ചശക്തിയുടേതല്ല. മനുഷ്യന്റെ കണ്ണുകൾക്കൊണ്ട് മുൻപോട്ടും മുകളിലോട്ടും ഭാവിയിലേയ്ക്കും ഭൂതകാലത്തിലേയ്ക്കും നോക്കാൻ കഴിയും. എന്നാൽ മൃഗങ്ങൾക്ക് കണ്ണിന്റെ പരിധിയിൽ വരുന്നവ മാത്രമേ കാണാനൊക്കൂ. ദൈവത്തിലേയ്ക്കും മനുഷ്യനിലേയ്ക്കും, ഒരുപോലെ തുറന്നിരിക്കുന്ന കണ്ണുകളാണ് മനുഷ്യന്. എന്നാൽ ഭൂമിയിലെ വസ്തുക്കളിൽ മാത്രം ആ കണ്ണുകൾ ഒതുക്കിയാൽ ആകാശം നഷ്ടപ്പെടും. ആകാശം  മാത്രം നോക്കിയാൽ ഭൂമിയിലെ മനുഷ്യനെയും.

മനുഷ്യനേക്കാൾ സമ്പത്തിനേയും, സ്ഥാനമാനങ്ങളെയും പ്രതിഫലത്തെയും നോട്ടമിടുന്ന വ്യവസ്ഥിതിയെയും ജീവിതശൈലിയെയും എന്നും കർത്താവ് വിമർശിച്ചിരുന്നു. മനുഷ്യന്റെ നന്മയാണ് എല്ലാ ആത്മീയതയുടെയും അളവുകോൽ. ഇതിന്റെ വെളിച്ചത്തിൽ നമ്മുടെ ജീവിതത്തെയും നമുക്ക് പരിശോധിക്കാം. സ്വന്തം സഹോദരനെ വിസ്മരിക്കുന്ന ആത്മീയ ജീവിതമാണോ ഞാൻ സ്വന്തമാക്കിയിരിക്കുന്നത്?